# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലിയപറമ്പ

## ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-9/682/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

തിയ്യതി:22.06.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

വലിയപറമ്പ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വലിയപറമ്പ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരളപഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി-9/682/2017 തിയ്യതി:22.06.2017

<u>കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-12-2016 മുതൽ 31-05-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. രാജാറാമ.സി , ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-06-2017 മുതൽ 21-06-2017 വരെ

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | |
|---|---|
| ശ്രീ. സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സുനിൽ കുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുധീഷ്.എൻ.കെ | ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.എം.ടി.അബ്ദുൾ ജബ്ബാർ | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.അനിൽകുമാർ.എൻ.എം | 01.04.2016 മുതൽ 30.12.2016 വരെ |
| ശ്രീ.രജുലാൽ | 31.12.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | കവിത.എം | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | അരവിന്ദൻ കൊട്ടാരത്തിൽ | 01.04.2016 മുതൽ 15.06.2016വരെ |
| | ഷീന.കെ.പി | 16.06.2016 മുതൽ 02.10.2016വരെ |
| | അരവിന്ദൻ കൊട്ടാരത്തിൽ | 03.10.2016 മുതൽ 17.01.2017വരെ |
| | സി.സന്തോഷ് | 18.01.2017മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലതിക.പി.വി | 01.04.2016മുതൽ 11.12.2016വരെ |
| | റിയാ റസാഖ് | 13.12.2016മുതൽ 31.03.2017വരെ |
| വി.ഇ.ഒ. | ജാഫർ. | 01.04.2016മുതൽ 31.03.2017വരെ |
| ഹെഡ്മാസ്റ്റർ | മാധവൻ.പി | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സാബു.എം.യു | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ഡോ.ബേബി സുഭദ്ര | 01.04.2016മുതൽ 31.07.2016 വരെ |
| | ഡോ.പ്രിയ | 01.08.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.രാജ്മോഹൻ | 01.04.2016മുതൽ 30.09.2016 വരെ |
| | ഡോ.ഫായിസ് മുക്തായാർ | 01.10.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ | വിഷയം | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | | നമ്പർ | നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 14 | വസ്തു നികുതി - രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 2-1 | |
| 15 | വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-2 | |
| 16 | കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി | 2-3 | |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ടുള്ള അപാകതകൾ. | | |
| 17 | ലേല വരവ് - മുഴുവൻ തുകയും പിരിച്ചെടുത്തില്ല | 2-4 | |
| 18 | റശീതി പരിശോധന- അപാകത | 2-5 | |
| 19 | തൊഴിൽ നികുതി വരവ് - അപാകത | 2-6 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 20 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.37 കോടി വിനിയോഗിക്കാൻ സാധിച്ചില്ല | 3-1 | |
| 21 | വെള്ളക്കരം അധികം തുക അടക്കുന്നു. | 3-2 | |
| 22 | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ഡിങ്കി ലഭ്യമാക്കൽ- 48,000 രൂപയുടെ സബ്സിഡി അധികം നല്കി. | 3-3 | |
| 23 | തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല | 3-4 | |
| 24 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലെ അപാകതകൾ | 3-5 | |
| 25 | പാലിയേറ്റിവ് പദ്ധതി ഗവ-ഉത്തരവുകൾ പാലിക്കുന്നില്ല. | 3-6 | |
| 26 | ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ | 3-7 | |

| | | | |
|---|---|---|---|
| 27 | വി ഇ ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകത | 3-8 | |
| 28 | മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ. | 3-9 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 43 | Audit Certificate | 2 | |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04.03.2016 തിയതിയിലെ നം. 49/16 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 8.42കോടി രൂപയും പ്രതീക്ഷിത ചെലവ് 8.62കോടി രൂപയുമാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ ഓഡിറ്റിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 06-06-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾപരിശോധിച്ചതീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19-06-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

1)2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

2)ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

3)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ- സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4) കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 35,99,460 |

| | |
|---|---|
| വരവ് | 2,73,90,837 |
| ആകെ | 3,09,90,297 |
| ചെലവ് | 2,58,43,597 |
| നീക്കിബാക്കി | 51,46,700 |

## 1-5 ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ റജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (Lapsed) | ചെലവ് ശതമാനം | നീക്കിയിരിപ്പ് (R&P 40b. പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 59,03,950 | 59,03,950 | 55,23,204 | 3,80,746 | 93.55 | 0 |
| വികസന ഫണ്ട് എസ് .സി. പി. | 0 | 11,31,207 | 11,31,207 | 5,45,000 | 5,86,207 | 48.17 | 0 |
| വികസന ഫണ്ട് ടി. എസ്. പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 17,05,740 | 17,05,740 | 4,12,148 | 12,93,592 | 24.16 | 0 |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 0 | 25,50,348 | 25,50,348 | 20,36,458 | 5,13,890 | 79.85 | 0 |
| 13-)o ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 33,09,905 | 33,09,905 | 26,73,100 | 6,36,805 | 80.76 | 0 |
| പെർഫോമൻസ് ഗ്രാന്റ്(State Share) | 0 | 84,55,721 | 84,55,721 | 0 | 84,55,721 | 0 | 0 |
| പെർഫോമൻസ് | 0 | 1,33,89,994 | 1,33,89,994 | 14,68,378 | 1,19,21,616 | 10.97 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഗ്രാന്റ്(Central Share) | | | | | | | | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|
| 84 | 49 | 32 | 03 | 58 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽതുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 7,51,725 | 3,89,940 | 51.87 |
| വെറ്ററിനറിസർജൻ | 2 | 2 | 1,45,000 | 1,10,135 | 76 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 6 | 3,80,000 | 11,86,743 | 86 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 1 | 1 | 2,00,000 | 2,00,000 | 100 |
| വി.ഇ.ഒ | 11 | 11 | 46,23,269 | 38,90,000 | 84.14 |
| ഐ.സി.ഡി.എസ്-സൂപ്പർവൈസർ | 4 | 4 | 19,19,600 | 18,99,041 | 99 |
| സെക്രട്ടറി | 16 | 14 | 22,32,909 | 16,04,113 | 72 |
| അസി.എൻജിനിയർ | 37 | 36 | 2,51,37,367 | 24,16,176 | 10 |
| ഹെഡ്മാസ്റ്റർ , | 4 | 4 | 13,40,000 | 9,62,140 | 72 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 7,98,950 | 13,26,920 | 5,27,970 | |
| നികുതിയേതര വരവുകൾ | 2,90,105 | 3,07,930 | 17,825 | |
| മറ്റു വരവുകൾ(ഇനം തിരിച്ച്)ഫോറം വില | 95,810 | 85,985 | 9,825 | |

| | | | | |
|---|---|---|---|---|
| പഴയ ആസ്തികൾ -ലേലം | 0 | 83,500 | | |
| ആകെ | 11,84,865 | 18,04,335 | | |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | സാമൂഹ്യക്ഷേമപദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനംഎടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാരമാർഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 22 | 19 | 03 | |
| 2 | തൊഴിൽ രഹിത വേതനം | | | | |
| 3 | വിധവ പെൻഷൻ | 48 | 48 | | |
| 4 | വികലാംഗ പെൻഷൻ | 07 | 05 | | അന്വേഷണറിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കുക. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 01 | 01 | | |
| 6 | വാർദ്ധക്യ കാല പെൻഷൻ | 314 | 169 | 125 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-06-2017 ന് (3.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,161രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.01.2017 മുതൽ 07.01.2017 | 2016 നവംബർ & ഡിസംബർ | 07.01.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി - രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

2011 ലെ കേ. പ. രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ഫാറം 4ൽ വാർഡ് അടിസ്ഥാനത്തിലുള്ളതും കെട്ടിട നമ്പർ മുൻകൂട്ടി രേഖപ്പെടുത്തിയതുമായ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ കെട്ടിട ഉടമകൾ സമർപ്പിക്കുന്ന വസ്തു നികുതി റിട്ടേണുകൾ സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സൂക്ഷ്മമായി പരിശോധിച്ച്, റിട്ടേണിൽ പറയുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി കെട്ടിട ഉടമ സ്വയം നിർണ്ണയിച്ചിരിക്കുന്നത് വ്യവസ്ഥകൾക്ക് അനുസൃതമാണെന്ന് ബോദ്ധ്യപ്പെട്ടാൽ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ചട്ടം 13പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കുകയും വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തുകഴിഞ്ഞാൽ നികുതി ഈടാക്കുന്നതിലേക്കാവശ്യമായ വിവരങ്ങൾ ഫാറം 8ൽ ഉള്ള വസ്തുനികുതി ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇനത്തിന്റെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, അപ്പീൽ / റിവിഷൻ രജിസ്റ്റർ , എഴുതി തള്ളൽ രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടറിൽ സഞ്ചയ സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തിയാണ് ശേഖരിച്ചിരിക്കുന്നത്. സഞ്ചയ/ സാംഖ്യ ഇന്റിഗ്രേഷൻ നടത്തിയിട്ടില്ലാത്തത്തിനാൽ വസ്തുനികുതി സംബന്ധിച്ച രേഖകൾ പ്രിന്റെടുത്ത് അധികാരികമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിന്റെ മുഖ്യ വരുമാനമാർഗ്ഗമായ വസ്തുനികുതി ഇനത്തിന്റെ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാകുംവിധം സൂക്ഷിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(5/21.6.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ മുഖ്യവരുമാനമാർഗ്ഗമായ വസ്തുനികുതി ഇനത്തിന്റെ രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ പരിശോധനക്ക് ലഭ്യമാകുംവിധം സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷം ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികം) | 1,89,220 |
| കുടിശ്ശിക ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികം) | 46,764 |

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ.

ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പൂർണ്ണമായി പൂരിപ്പിക്കുന്നില്ല.

ഓഡിറ്റ് കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ പൂർത്തീകരണ തിയ്യതി (Date of Completion), അസ്സസ്സ്മെന്റ് നമ്പർ (Assesement no.), വസ്തു നികുതി (Property Tax) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2)റെഗുലറൈസേഷൻരജിസ്റ്റർ-സൂക്ഷിക്കുന്നില്ല

ഓഡിറ്റ് കാലയളവിൽ 2011-ലെ കേ.പ.രാജ്. കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134(3) പ്രകാരം അനുബന്ധം J മാതൃകയിലുള്ള റെഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3)പെർമിറ്റിനുള്ള അപേക്ഷയിൻമേൽ ചട്ടപ്രകാരമുള്ള സമയ പരിധിക്കകം തീർപ്പ് കല്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14പ്രകാരം, കെട്ടിട നിർമ്മാണം/മാറ്റം വരുത്തൽ/കൂട്ടിച്ചേർക്കൽ എന്നിവയ്ക്കായുള്ള അപേക്ഷ ലഭിച്ചതുമുതൽ 30 ദിവസത്തിനകം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം/ നിരസിക്കൽ രേഖാമൂലം സെക്രട്ടറി അപേക്ഷകന് നല്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് റജിസ്റ്റർ പരിശോധിച്ചതിൽ മേൽ ചേർത്ത സമയ പരിധിപാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടു. 2013-14 മുതലുള്ള 31 അപേക്ഷകർക്ക് ഇപ്പോഴും പെർമ്മിറ്റ് നല്കിയിട്ടില്ല. ഇവയിൽ 7 അപേക്ഷ CRZ -ന്റെ അനുമതിക്ക് അയച്ചിട്ടുള്ളതാണ് , ബാക്കിയുള്ളവയുടെ വിവരം ലഭ്യമല്ല.

4)നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്.പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

മുകളിൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 2-4 ലേല വരവ് - മുഴുവൻ തുകയും പിരിച്ചെടുത്തില്ല

വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കടത്തുകളുടേയും ഫലവൃക്ഷങ്ങളുടേയും 2016-17 വർഷത്തേക്കുള്ള പരസ്യലേലം 23.03.2016 തീയ്യതി ഉച്ചയ്ക്ക് 2 മണിക്ക് പഞ്ചായത്ത് ഓഫീസിൽ വച്ച് നടത്തുകയുണ്ടായി.(ആകെ 10 ഇനങ്ങൾ). പ്രസ്തുത ലേലം 26.03.2016 ലെ 60(3)/16 നം.തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ലേലവുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.ലേലത്തിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങളും നിരതദ്രവ്യമിനത്തിൽ അടവാക്കിയ തുകയുടെ വിവരം പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ വരവ് വന്നിട്ടുണ്ടോ എന്ന കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

2.താഴെക്കൊടുത്തിരിക്കുന്ന വകവിവരങ്ങളുടെ ലേലഡയറിയും രജിസ്റ്ററുകളും പരിശോധിച്ചതിൽ ലേലം കൊണ്ട വ്യക്തികൾ ലേലതുക അടവാക്കാൻ ബാക്കിയുള്ളതായി കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| വകവിവരം | ലേലം കൊണ്ട വ്യക്തിയുടെ പേര് | ലേലം കൊണ്ട തുക | അടവാക്കിയ തുക | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| മാടക്കാൽ ബീരാൻ കടവ് | എ.കുമാരൻ മാടക്കാൽ | 78,000 | 52,250 | 25,750 |
| പടന്നക്കടപ്പുറം പഞ്ചായത്ത് ശ്മശാനം പരിസരത്തുള്ള തെങ്ങുകൾ | കെ.പി.രവി | 3030 | 1515 | 1515 |
| | ആകെ കുറവ് | | | 27,265/- |

മേൽ വ്യക്തികളുമായി ചമച്ച കരാർ ഉടമ്പടിയും(ലേല സംഖ്യയുടെ 5% മുഖവിലയുള്ള മുഖപത്രം) പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. കുറവ് വന്ന തുക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക വരവ് നഷ്ടമായി കണക്കാക്കി നഷ്ടോത്തരവാദിത്തം സെക്രട്ടറിയിൻ മേൽ ചുമത്തുന്നതായിരിക്കും.

(ഓഡിറ്റ് എൻക്വയറി നം. 03 / 17.06.2017)

## 2-5 രശീതി പരിശോധന- അപാകത

രശീതി പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I. രശീതി പരിശോധയിൽ 228/- രൂപയുടെ കുറവ് സംഭവിച്ചത് ചൂണ്ടിക്കാണിച്ചതിനാൽ പ്രസ്തുത തുക ഓഡിറ്റ് വേളയിൽത്തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് (റ.നം.6844/93 തീ.21.06.2017). ഭാവിയിൽ പിരിച്ചെടുത്ത നികുതിതുക അടവാക്കുന്നതിലെ കൃത്യത മേലുദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

II. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി കൃഷി ഓഫീസർക്ക് നൽകിയ 8 രശീതി ബുക്ക് പ്രകാരം 1,73,060/- രൂപ പിരിച്ചെടുത്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ 800

താളുകളിലും തീയ്യതി രേഖപ്പെടുത്താതെയാണ് ഗുണഭോക്താവിന് റശീതി നൽകിയിരിക്കുന്നത്. ആയതിനാൽ മേൽതുക ഏത് തീയ്യതിയിലാണ് പിരിച്ചെടുത്തതെന്ന് ഓഡിറ്റിൽ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 2-6 തൊഴിൽ നികുതി വരവ് - അപാകത

തൊഴിൽ നികുതി പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I. പഞ്ചായത്ത് പരിധിയിൽ വിവിധ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും ഡി. & ഒ. ലൈസൻസ് അടവാക്കുന്ന വേളയിൽ തന്നെയാണ് രണ്ട് അർദ്ധവർഷത്തേയും തൊഴിൽ നികുതി ഈടാക്കി പോരുന്നത്. എന്നാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവടക്കാരിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 ൽ നിഷ്കർഷിച്ച സ്ലാബ് അടിസ്ഥാനമാക്കിയല്ല നികുതി ഈടാക്കിയിരിക്കുന്നത്. ഇക്കാരണത്താൽ പഞ്ചായത്ത് ഫണ്ടിന് നല്ലൊരു തുക വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | കച്ചവടക്കാരന്റെ പേര് | കച്ചവടത്തിന്റെ സ്വഭാവം | വാർഡ് നം. & കെട്ടിട നം. | ഈടാക്കിയ നികുതി |
|---|---|---|---|---|
| 1 | സ്മിത.യു, മാടക്കാൽ | അലുമിനിയം ഫാബ്രിക്കേഷൻ | IV / 190,191 | 250 |
| 2 | തമ്പാൻ. കെ, കാടങ്കോട് | ഫോട്ടോസ്റ്റാറ്റ് കട | XIII / 20 A | 200 |
| 3 | രാജീവൻ.ടി.വി. വലിയപറമ്പ | സ്റ്റുഡിയോ | VIII / 145 | 200 |
| 4 | മുഹമ്മദ് കുഞ്ഞി ഹാജി, , പന്ത്രണ്ടിൽ | ഫ്ലോർ മിൽ | X / 220 B | 400 |
| 5 | പി.പി.അബ്ദുൾറസാഖ്, പടന്നക്കടപ്പുറം | ഫ്ലോർ മിൽ | IX /192 | 400 |
| 6 | സ്മിത. കെ, വലിയപറമ്പ | റെഡിമെയ്ഡ്സ് & ഫാൻസി | VI /68 B | 400 |
| 7 | കെ.വി.ഭാർഗവി, മാടക്കാൽ | അനാദി സ്റ്റേഷനറി | III / 123,124 | 250 |
| 8 | കുഞ്ഞി അഹമ്മദ്, പടന്ന | പേപ്പർ പ്ലേറ്റ് നിർമ്മാണം | IX / 373 | 500 |
| 9 | പി.പി.ഭരതൻ, ഇടയിലക്കാട് | കൊപ്ര, തേങ്ങ സംഭരണം | VI / 164 | 300 |
| 10 | ഇസ്മയിൽ, | ബാർബർ ഷോപ്പ് | X / 31 | 200 |

| | | | | |
|---|---|---|---|---|
| | ബീച്ചാരക്കടവ് | | | |
| 11 | ശ്രീധരൻ,<br>പന്ത്രണ്ടിൽ | ഹോട്ടൽ , അനാദി കട | XI / 63,62 | 400 |
| 12 | പി.പി.ദാമോദരൻ, പന്ത്രണ്ടിൽ | അനാദി - ചില്ലറ വിൽപ്പന | X / 290` | 200 |
| 13 | കെ.പി.നാരായണൻ,<br>വടക്കേക്കാട് | അനാദികട | XI /47 | 200 |
| 14 | സെക്രട്ടറി, , ഇടയിലക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം | കാലിത്തീറ്റ, പാൽ വിപണനം | II / 330,335 | 400 |
| 15 | എൻ.കെ.സുബൈദ,<br>മാടക്കാൽ | ചകിരിനാര് നിർമ്മാണം | III / 374 | 720 |
| 16 | വി. സുഭാഷിണി,<br>പടന്നക്കടപ്പുറം | ബ്യൂട്ടിപാർലർ | IX / 75 | 400 |
| 17 | മഞ്ജുഷ അജയകുമാർ,<br>പാലക്കുന്ന് | ഹോംകെയർ പ്രോഡക്റ്റ്സ് | III / 56 | 400 |
| 18 | നൌഷാദ്,<br>വലിയപറമ്പ | മൈബൽ ഫോൺ, വസ്തുങ്ങൾ വിപണനം | VII / 136 A | 360 |
| 19 | എം.കെ.മുഹമ്മദ്,<br>പടന്നക്കടപ്പുറം | കോഴി വിൽപ്പന | IX / 278 | 500 |
| 20 | പി. ഹനീഫ,<br>ബീച്ചാരക്കടവ് | സലൂൺ | XIII / 206 | 200 |
| 21 | സിദ്ധിഖ്,<br>ബീച്ചാരക്കടവ് | വെൽഡിങ് ഷോപ്പ് | IX / 127 | 700 |
| 22 | ജാബിർ. ടി. കെ,<br>പടന്നക്കടപ്പുറം | സ്റ്റേഷനറിക്കച്ചവടം | VIII / 141 B | 240 |
| 23 | പി. വി. കുമാരൻ,<br>S/o ചവിണിയൻ | ഫ്ലോർ മിൽ | VIII / 159 C | 300 |
| 24 | എം. വി. രാധ,<br>പടന്നക്കടപ്പുറം | ഹോട്ടൽ | IX/ 86 | 400 |
| 25 | പി.പി.അഹമ്മദ്ഹാജി | ചകിരിനാര് | XII / 73 | 750 |

| | | | | |
|---|---|---|---|---|
| | പഴയപാട്ടില്ലത്ത് ഹൗസ്, മാവിലാക്കടപ്പുറം | നിർമ്മാണം | | |

പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ കച്ചവടക്കാരിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 6 ൽ നിഷ്കർഷിച്ച പ്രകാരമാണോ ടേൺഓവർ നിശ്ചയിച്ച് നികുതി ഈടാക്കിയിട്ടുള്ളത് എന്ന കാര്യം ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇക്കാര്യം വ്യക്തമാക്കിയിട്ടില്ല . ഭാവിയിൽ ചട്ടപ്രകാരമുള്ള നികുതി ഈടാക്കുന്നതിനായി സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

II. വൈകി നികുതി അടവാക്കുന്നവരിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ല.

III. തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്ന 1,250/- രൂപ പിഴസഹിതം ഓഡിറ്റ് വേളയിൽ തന്നെ അടവാക്കിയിട്ടുണ്ട് ( റ.നം.6844/97 തീ.21.06.2017).

(ഓഡിറ്റ് എൻക്വയറി നം. 02/ 17.06.2017)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.37 കോടി വിനിയോഗിക്കാൻ സാധിച്ചില്ല

ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 3.64 കോടി (3,64,46,865) രൂപയിൽ 2.37 കോടി (2,37,88,577) രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം,ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ മുൻ ബാക്കി ഉൾപെടെ 3.64 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 1.26 കോടി (1,26,58,288) രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർപിൻവലിച്ചത്) | ചെലവു ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 59,03,950 | 55,23,204 | 3,80,746 | 93.55 |
| വികസന ഫണ്ട് | 11,31,207 | 5,45,000 | 5,86,207 | 48.17 |

| | | | | |
|---|---|---|---|---|
| എസ് സി പി | | | | |
| വികസന ഫണ്ട് ടിഎസ് പി | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 17,05,740 | 4,12,148 | 12,93,592 | 24.16 |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 25,50,348 | 20,36,458 | 5,13,890 | 79.85 |
| 13-)ം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 33,09,905 | 26,73,100 | 6,36,805 | 80.76 |
| പെർഫോമൻസ് ഗ്രാന്റ്(State Share) | 84,55,721 | 0 | 84,55,721 | 0 |
| പെർഫോമൻസ് ഗ്രാന്റ്(CentralShare) | 1,33,89,994 | 14,68,378 | 1,19,21,616 | 10.97 |
| ആകെ | 3,64,46,865 | 1,26,58,288 | 2,37,88,577 | 34.73 |

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയില്ല. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 വെള്ളക്കരം അധികം തുക അടക്കുന്നു.

ഗ്രാമപഞ്ചായത്തു പരിധിയിൽ കേരള വാട്ടർ അതോറിറ്റിയുടെ 128 പൊതുടാപ്പുകൾ ഉള്ളതായി 19.12.2016 നും 23.01.2017 നും ഗ്രാമപഞ്ചായത്തും, അസിസ്റ്റന്റ് എൻജിനിയർ, കേരളവാട്ടർ അതോറിറ്റി, പി.എച്ച്.

സെക്ഷൻ,ചെറുവത്തൂരും നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയതാണ്. എന്നാൽ തുടർന്നും 132 പൊതു ടാപ്പുകൾക്ക് കരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുകയും ഗ്രാമപഞ്ചായത്തു നൽകുകയും ചെയ്യുന്നുണ്ട്. ഒരു ടാപ്പിന്നു പ്രതിവർഷം 5,250 രൂപയാണ് ചാർജ്. ഇത് വഴി ജനവരി,ഫെബ്രുവരി,മാർച്ച് മാസങ്ങളിൽ ഗ്രാമപഞ്ചായത്തു അധികം തുക നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നാളിതുവരെ അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

## 3-3 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ഡിങ്കി ലഭ്യമാക്കൽ- 48,000 രൂപയുടെ സബ്സിഡി അധികം നല്കി.

പ്രൊജക്റ്റ് നം- എസ്.ഒ. 03/ 2016-17 , നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ഡിങ്കി ലഭ്യമാക്കൽ

അടങ്കൽ- 7,02,000 രൂപ

വൗച്ചർ നം-21600727/ തിയതി 28.03.17- 55,505 രൂപ.(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

വൗച്ചർ നം-21600736/ തിയതി 30.03.17 -2,44,495 രൂപ.(കേന്ദ്രാവിഷ്കൃതഫണ്ട്)

വൗച്ചർ നം-21600735/ തിയതി 30.03.17- 3,00,000 രൂപ.(ഗുണ-വിഹിതം)

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ഡിങ്കി ലഭ്യമാക്കൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി 24 ഡിങ്കികൾ പടന്നകടപ്പുറം FDWCs-ൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഈ ഡിങ്കികൾ ഉൾനാടൻ മത്സ്യബന്ധനത്തിന് നോൺ-മോട്ടോറൈസ്ഡ് ഫൈബർ ക്രഫ്റ്റായി ഉപയോഗിക്കാവുന്നതാണെന്ന് ഫിഷറീസ് ഡെപ്യൂട്ടിഡയറക്ടർ, കാസർഗോഡ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഒരു ഡിങ്കിക്ക് 12,500 രൂപ തോതിലാണ് സബ്സിഡി നല്കിയിട്ടുള്ളത്. 12-ാം പദ്ധതി സബ്സിഡി മാർഗരേഖ(G.O.(MS) 4/2016 LSGD 11.01.2016) മത്സ്യബന്ധനം(ബി), ഉൾനാടൻ മേഖലയിൽ ഗിൽനെറ്റും ഡിങ്കിയും നല്കുന്നതിനുവേണ്ടി വിലയുടെ 50%-മോ, 12,500 രൂപയോ ഏതാണോ കുറവ് അതാണ് നല്കേണ്ടത്. എന്നാൽ ഇവിടെ ഡിങ്കി മാത്രമാണ് നല്കിയിട്ടുള്ളത്, ഗിൽനെറ്റ് നല്കിയിട്ടില്ല. 12-ാം പദ്ധതി സബ്സിഡി മാർഗരേഖ, മത്സ്യബന്ധനം(ബി), ഉൾനാടൻ മേഖലയിൽ 8-ാം നമ്പർ ഇന പ്രകാരം പരമാവധി 2,000 രൂപയാണ് ഗിൽനെറ്റ് വാങ്ങുന്നതിനുള്ള സബ്സിഡി. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ഡിങ്കി ലഭ്യമാക്കൽ എന്ന പ്രൊജക്റ്റിൽ ഗിൽനെറ്റ് ഒഴിവാക്കി ഡിങ്കി മാത്രം അനുവദിക്കുമ്പോൾ ആനുപാതികമായി സബ്സിഡിയിൽ കുറവ് വരുത്തിയതായികാണുന്നില്ല. മേൽ അപാകതയ്ക്കു വിശദീകരണം നല്കുന്നതിനു വേണ്ടി ഓഡിറ്റ് എൻക്വയറിനമ്പർ 04/21.06.17 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. അതിനാൽ ഗിൽനെറ്റ് ഒഴിവാക്കി ഡിങ്കി മാത്രം അനുവദിച്ചതു വഴി അധികം നല്കിയ 48,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ എണ്ണം, ആയതിന് കെ.എസ്.ഇ.ബി. യിൽ പ്രതിമാസം ഒടുക്കുന്ന തുക എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആകെ തുക മാത്രം രേഖപ്പെടുത്തി പ്രതിമാസം കെ.എസ്.ഇ.ബി. നൽകിവരുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് തുക ഒടുക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുകയോ കെ.എസ്.ഇ.ബി.യും, ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഏതെല്ലാം ഇനത്തിൽ പെട്ട വിളക്കുകൾക്കാണ് പഞ്ചായത്ത് ഇതേവരെ വൈദ്യുതിചാർജ്ജ് ഒടുക്കിവരുന്നത് എന്ന വിവരം പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തെരുവു വിളക്കുകൾക്ക്

അറ്റകുറ്റ പണികൾ നടത്തുന്നതിന്റെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. സ്ഥാപിച്ചിട്ടുള്ള എല്ലാ തെരുവു വിളക്കുകളും കത്തുന്നുണ്ടോ എന്നും കത്തുന്ന വിളക്കുകൾക്ക് തന്നെയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും നിലവിൽ പഞ്ചായത്തിലെ സൂക്ഷിക്കുന്ന രജിസ്റ്ററിൽ നിന്നോ രേഖകളിൽ നിന്നോ കൃത്യമായ വിവരം ലഭിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിലെ അധികൃതർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ,പി.എച്ച്.സി, വലിയപറമ്പ നിർവ്വഹണം നടത്തിയ പദ്ധതിയുടെ ചെലവ് പരിശോധനയിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ ഉണ്ടായിട്ടുണ്ട്.

1)മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ടിന്റെ പേര് : പി.എച്ച.സി.ക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(പി.എച്ച.സി)- പ്രൊജക്ട് നം-S0.022/17

അടങ്കൽ : 50,000(മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ്)

ചെലവ് : 50,000/-(ബിൽ നം. 05/16-17 തീ. 28.02.2017)

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയതാണ് മേൽ പദ്ധതി. ഇത് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 50,000/- രൂപ നൽകുകയും സ്ഥാപനം തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഓഡിറ്റ് തീയതി വരെയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 07/21.06.17)

2) മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായതായി കാണുന്നില്ല.

പ്രോജക്ടിന്റെ പേര് :പടന്നക്കടപ്പുറം പി.എച്ച.സി.ക്ക് മെഡിക്കൽ എക്വിപ്മെന്റ്സ് വാങ്ങൽ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ,(പി.എച്ച.സി)- പ്രൊജക്ട്.S0.088/17

അടങ്കൽ : 7,00,000(ലോകബാങ്ക്), ചെലവ് : 5,23,933/-(ബിൽ നം. 08/16-17 തീ. 31.03.2017)

പടന്നക്കടപ്പുറം പി.എച്ച.സി.ക്ക് മെഡിക്കൽ എക്വിപ്മെന്റ്സ് വാങ്ങുന്നതിനു വേണ്ടി 5,23,933 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 31.03.2017-ന് കൈമാറിയിട്ടുണ്ട്. എന്നാൽ പർച്ചേസിംഗ് ഓർഡർ നല്കിയ ഉപകരണങ്ങൾ മുഴുവനായും ലഭിച്ചതായി കാണുന്നില്ല. ലഭിച്ച ഉപകരണങ്ങളുടെ വിവരങ്ങളും ലഭിക്കാനുള്ളവയുടെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കുന്നതിനു വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി നം-07 /21.06.2017-ന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. മേൽ അപാകതകൾ കാരണം ഉപകരണങ്ങൾസ ലഭ്യമാക്കി ആ വിവരം അറിയിക്കുന്നതു വരെ 5,23,933/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പാലിയേറ്റിവ് പദ്ധതി ഗവ-ഉത്തരവുകൾ പാലിക്കുന്നില്ല.

| ബില്ല് നം. & തീയ്യതി | തുക |
|---|---|
| 1/30.11.2016 | 1,61,750 |

| | |
|---|---|
| 3/28.02.2017 | 1,44,770 |
| 7/31.03.2017 | 1,91,790 |
| ആകെ | 4,98,310 |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി, വലിയപറമ്പ നിർവ്വഹണം നടത്തിയ പെയ്ൻ ആന്റെ് പാലിയേറ്റിവ് (So.021) പദ്ധതിയുടെ ചെലവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)29.10.15ലെ സ.ഉ.(സാധ)3217/15 തസ്വഭവ പ്രകാരം പരിഷ്കരിച്ച നിർദ്ദേശങ്ങളും പാലിച്ചാണ് പാലിയേറ്റിവ് പരിചരണ പദ്ധതി നടപ്പിലാക്കേണ്ടത്.പാലിയേറ്റിവ് പരിചരണ പദ്ധതിയിൽ നിർബ്ബന്ധമായും ആശ്രയപദ്ധതിയിലുള്ളവരെ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്തിലെ ആശ്രയപദ്ധതിയിൽ 76 പേരാണുള്ളത്. ഇവരിൽ തീരാവ്യാധികളുള്ളവരും, പരിചരണം ആവശ്യമുള്ളവരും പാല്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

2)ചെലവുകൾ ബാങ്ക്അക്കൗണ്ട് വഴി നടത്തുന്നില്ല- പാലിയേറ്റിവ് പദ്ധതിക്കായി പ്രാദേശികമായും അല്ലാതേയും വിഹിതം സമാഹരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ആശുപത്രി മാനേജ്മെന്റ് കമ്മറ്റിക്ക് ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങണമെന്നുണ്ട്. അപ്രകാരം ചെയ്തിട്ടില്ല.പാലിയേറ്റിവ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതി തുക കൂടാതെ മറ്റ് വിഭവസ്രോതസ്സുകളെ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനു ശേഷം പാലിയേറ്റിവ് ഇനത്തിൽ ചെലവഴിക്കുന്ന ഭക്ഷണച്ചെലവ് ഒഴികെയുള്ള എല്ലാ ചെലവും പണം നൽകേണ്ടയാളുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തേ നടത്താവൂ എന്ന ഖണ്ഡിക 2.10.8 പ്രകാരമുള്ള വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ പ്രത്യേക അക്കൗണ്ട് തുടങ്ങാൻ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3)29.10.15ലെ സ.ഉ.(സാധ)3217/15ത.സ്വ.ഭ.വ. ഉത്തരവ് തീയതി മുതൽ 60ദിവസത്തിനകം പഞ്ചായത്തിലെ പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നുണ്ട്. ഇല്ലെങ്കിൽ പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നതല്ലെന്ന് സർക്കാർ കർശനനിർദ്ദേശം നൽകി യിട്ടുണ്ട്. പട്ടിക ഓഡിറ്റ് തീയതി വരെ പ്രസിദ്ധീകരിച്ചിട്ടില്ല.എന്നാൽ ഉത്തരവ് തീയതി മുതൽ 60 ദിവസത്തിന് ശേഷം 5,02,240 രൂപ ചെലവ് ചെയ്തിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഇവിടെ തുക ചെലവഴിച്ചിട്ടുള്ളത്. ആയത് വിശദീകരിക്കേണ്ടതാണ്.

4)ഭക്ഷണ ചെലവ് പരിധി കടക്കുന്നു.- ഉത്തരവ് ഖണ്ഡിക 2.6.3 പ്രകാരം ഗൃഹസന്ദർശനത്തിന് പോകുന്ന സാന്ത്വനപരിചരണടീമിലെ 3 പേർക്കാണ്(സന്നദ്ധ പ്രവർത്തകന്/പ്രവർത്തകയ്ക്ക് 60 രൂപ തോതിൽ) പദ്ധതിച്ചെലവിൽ നിന്ന് ഭക്ഷണത്തിന് ചെലവ് നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുവാദമുള്ളു. എന്നാൽ 4ഉം 5ഉം പേരുടെ ഭക്ഷണച്ചെലവ് അനുവദിച്ചതായി കാണുന്നു.പദ്ധതിതുകയുടെ ചെലവ് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം പരിമിതപ്പെടുത്തിയിട്ടില്ല.

5)പാലിയേറ്റിവ് കെയർ നിർവ്വഹണ കമ്മറ്റി രൂപീകരിച്ചില്ല- ഉത്തരവ് 3217/2015/ ത.സ്വ.ഭ.വ തീയതി 29.10.2015 ഖണ്ഡിക 2.4 പ്രകാരം രൂപീകരിക്കേണ്ട പാലിയേറ്റിവ് കെയർ ഇമ്പ്ലിമെന്റേഷൻ കമ്മറ്റി രൂപീകരിച്ചിട്ടില്ല.

6)പാലിയെറ്റിവ് നഴ്സിന്റെ ഓണറേറിയം എല്ലാ മാസവും 10ാം തീയതിക്കകം നൽകണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ടെങ്കിലും പാലിക്കപ്പെടുന്നില്ല. തൊഴിൽരഹിതരേയാണ് പാലിയേറ്റിവ് നഴ്സിന്റെ നിയമനത്തിന് പരിഗണിക്കുന്നത്. മറ്റ് തൊഴിലൊന്നുമില്ലാത്ത നഴ്സുമാരുടെ സാമ്പത്തികബുദ്ധിമുട്ട് മുന്നിൽ കണ്ടാണ് ഇത്തരമൊരു നിർദ്ദേശം നൽകിയത്.എന്നാൽ 2015-16ലെ പദ്ധതിച്ചെലവ് പരിശോധനയിൽ കൃത്യസമയത്ത് നഴ്സിന് ഓണറേറിയം നൽകുന്നില്ലെന്ന് കാണുന്നു.ഉദാ:07/2016 മുതൽ

9/2016 വരെയുള്ള ഓണറേറിയം 11/2016ലാണ് നൽകിയത്.10/2016മുതൽ 1/2017ലെ ഓണറേറിയം നൽകിയത് 2/2017ലാണ്. നഴ്സുമാർക്കുള്ള ഓണറേറിയം സർക്കാർ നിർദ്ദേശപ്രകാരം കൃത്യസമയത്ത് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

7)ഉത്തരവ് പ്രകാരമുള്ള നടപടിക്രമം പാലിക്കാതെ വാഹനം വാടകയ്ക്കെടുത്തു.- സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് പ്രകാരമുള്ള പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായി വാഹനം ദിവസവാടകയ്ക്ക് എടുക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്(ഉത്തരവ് ഖണ്ഡിക 2.6.5.ix.3). ഈ ക്വട്ടേഷൻ പി.എം.സി. അംഗീകരിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് വാഹനം വാടകയ്ക്കെടുത്തിരിക്കുന്നത്. ക്വട്ടേഷൻ ക്ഷണിക്കാതെ വാഹനം വാടകക്കെടുത്തത് വിശദീകരിക്കുക.

8.ഓൺലൈൻ അപ്ഡേഷൻ നടത്തുന്നില്ല- ഉത്തരവ് 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ തൊട്ടടുത്ത ദിവസമോ) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്നുണ്ട്. എന്നാൽ ഐ.കെ.എം ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന്റെയോ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നല്കുന്നതിനു വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി നം-06 /21.06.2017-ന് യാതൊരു മറുപടിയും ഓഡിറ്റിന് ലഭിച്ചിട്ടില്ല. മേൽ അപാകതകൾ കാരണം 4,98,310 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ

A)തുല്യതാപഠനം -കൈപററ് ലഭ്യമാക്കിയില്ല

ഹെഡ്മാസ്ററർ നിർവഹണം നടത്തിയ ' തുല്യതാ പരീക്ഷാഫീസ് (പ്രൊജക്ട് നം. ടാ. 81/17) എന്ന പദ്ധതിയിലുൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും 30,000 രൂപ പിൻവലിച്ച് സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.(ബിൽ നം.3/16-17/29.03.17). 20 പഠിതാക്കൾക്കുള്ള ഫീസാണ് മിഷനു നൽകിയത്. എന്നാൽ തുക കൈപററിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും ലഭിച്ച കൈപററു രശീതി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ സർക്കുലർ നം. 48360/എഫ്.എം-1/2009/ത.സ്വ.ഭ.വ.06.10.09 പ്രകാരം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ കോഴ്സ്ഫീ, പരീക്ഷാ ഫീ എന്നിവ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുമെന്നതിനാൽ, തദ്ദേശഭരണസ്ഥാപനം നൽകേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരല്ല എന്ന് തെളിയിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/ 21.06.17-നു മറുപടി ലഭ്യമാക്കിയിട്ടില്ല.സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും കൈപററു ലഭ്യമക്കുന്നതുവരെ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച 30,000 രൂപ തടസ്സം ചെയ്യുന്നു.

B)എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

2016-17 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 7,75,100 എസ്.എസ്.എ കാസർഗോഡ് ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ | ഫണ്ട് വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| എസ്.എസ്.എ.വിഹിതം നൽകൽ- (SO.093/16) | ₹ 3,44,383 | 2/15-16 തി.16.12.2016 | വികസന ഫണ്ട് |
| | ₹ 4,30,717 | 1/15-16 തി.16.12.2016 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ആകെ | 7,75,100 | | |

പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/2016 തി. 11.01.2016 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ എസ്.എസ്.എ പ്രൊജക്റ്റ് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ എസ്.എസ്.എ. പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്. കൂടാതെ എസ്.എസ്.എ. കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/ 21.06.17-ന മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 7,75,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകത

വി..ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പ്രോജക്റ്റ് നം. - 01 /2017 ഗാർഹിക കക്കൂസ്

വകയിരുത്തൽ - വികസന ഫണ്ട്(CFC) - 22,15,477/

നിർമ്മൽ പുരസ്കാർ വിഹിതം -3,77,345/-

കേന്ദ്രാവിഷ്കൃത പരിപാടി - 2,45,686/-

വികസന ഫണ്ട് (പൊതു വിഭാഗം

സാധാരണ വിഹിതം) - 9,65,292/-

38,03,800/-

സംസ്ഥാനത്തെ പൊതുസ്ഥലങ്ങൾ മലവിസർജന മുക്തമാക്കുന്നതിനായുള്ള (ODF) കാമ്പയിന്റെ ഭാഗമായി കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ മേൽ പ്രോജക്റ്റിൽ ആകെ 345 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു (പഞ്ചായത്ത് തീരുമാനം നം. 45/2016 തീ.11.02.2016, 116/2016 തീ.14.10.2016). എന്നാൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്ക് മിക്കവർക്കും ധനസഹായം നൽകിയതായി കാണുന്നില്ല. തൊട്ടു താഴെയുള്ളവരെ പരിഗണിക്കുന്നതിനായി ഇവർ നൽകിയ സമ്മതപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആകെ 246 ഗുണഭോക്താക്കൾക്ക് ട്രഷറി / ബാങ്ക് വഴി തുകകൾ കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും മിക്ക ഗുണഭോക്താക്കൾക്കും തുകകൾ ലഭിച്ചിട്ടുണ്ടെന്ന് സ്ഥിതീകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2. നിർമ്മാണം പൂർത്തീകരിച്ച ശേഷം അസി.എഞ്ചിനീയർ/ഓവർസിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റിനെ

അടിസ്ഥാനപ്പെടുത്തിയായിരിക്കണം തുക നൽകേണ്ടതെന്ന് പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും യാതൊരു നിർമ്മാണത്തിനും വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ നിർമ്മാണ പൂർത്തീകരണം സ്ഥിതീകരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ അതത് വാർഡ് മെമ്പർമാരുടേയയോ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മുഴുവൻ കക്കൂസുകളുടേയും പണി പൂർത്തിയായിട്ടുണ്ടോ എന്ന കാര്യത്തിൽ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3. ഗഡുക്കളായി ഒരോ ഗുണഭോക്താവിനും ആകെ 15,400/- രൂപ വീതമാണ് അനുവദിക്കേണ്ടത്. (31.12.2014 ലെ സ.ഉ.(സാധാ)നം.3507/2014/ത.സ്വ.ഭ.വ , 26.04.2016 ലെ സ.ഉ.(സാധാ)നം.1530/2016/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ കാണുക). എന്നാൽ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് അധികം തുക അനുവദിച്ചതായി ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്കീം റജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച തുക | ചെക്ക് നം. & തീയ്യതി |
|---|---|---|
| ബിന്ദു.വി.വി, വാഴവളപ്പിൽ പടന്നക്കടപ്പുറം | ആദ്യ ഗഡു- 5,000 | ചെക്ക് നം.004575 തീ.06.09.2016 (അക്കൌണ്ട് നം. 40414100007405 ഗ്രാമീൺബാങ്ക് ചെറുവത്തൂർ ബ്രാഞ്ച്) |
| | രണ്ടാം ഗഡു- 15,400 | ചെക്ക് നം.005040 തീ.29.09.2016 |
| | ആകെ- 20,400/- | |
| കൌസല്യ. എ.വി, അറയ്ക്കൽ വീട്, പടന്നക്കടപ്പുറം | ആദ്യ ഗഡു- 5,000 | ചെക്ക് നം.004575 തീ.06.09.2016 (അക്കൌണ്ട് നം. 404433100005557 ഗ്രാമീൺബാങ്ക് വലിയപറമ്പ ബ്രാഞ്ച്) |
| | രണ്ടാംഗഡു- 5,000 | ചെക്ക് നം.5030 തീ.19.09.2016 |
| | മൂന്നാം ഗഡു- 8,000 | ചെക്ക്നം.4936 തീ.15.10.2016 |
| | നാലാം ഗഡു- 2,400 | ചെക്ക്നം.5769 തീ.06.01.2017 |

| | | |
|---|---|---|
| | ആകെ-<br>20,400/- | |

മേൽ രണ്ടു ഗുണഭോക്താക്കൾക്കായി അധികം നൽകിയ 10,000/-(5,000+5,000) രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽതുക നിർവ്വഹണോദ്യോഗസ്ഥനായ വി. ഇ. ഒ. യുടെ വ്യക്തിപരമായ ബാധ്യത ആയിത്തീരുന്നതാണ്.

4. ഗുണഭോക്താക്കൾക്ക് നൽകാനായി ആകെ പിൻവലിച്ച തുകയും ഗുണഭോക്താക്കൾക്ക് നൽകിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ട്രഷറി ബിൽ ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ആകെ 36,43,390/- രൂപയാണ് ഗുണഭോക്താക്കൾക്ക് നൽകാനായി പിൻവലിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സ്കീം രജിസ്റ്റർ പ്രകാരം 246 ഗുണഭോക്താക്കൾക്കായി 36,54,200/- രൂപയാണ് നൽകിയിട്ടുള്ളത്. 10,810/- രൂപയുടെ വ്യത്യാസം കാണുന്നുണ്ട്.

5. ആകെയുള്ള 246 ഗുണഭോക്താക്കളിൽ 29 പേർക്ക് ഭാഗികമായി മാത്രമേ തുക കൈമാറിയിട്ടുള്ളൂ. ഇത്രയും ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പൂർത്തീകരിക്കാൻ അവശേഷിക്കുന്ന കക്കൂസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം. നം.09/20.06.2017) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-9 <u>മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ.</u>

2016-17 വർഷത്തിൽ 37 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 27 പ്രോജക്ടുകൾ മാത്രമാണ് നടപ്പുവർഷം നടപ്പിലാക്കിയത്. മരാമത്ത് പ്രവൃത്തികൾക്കായി ആകെ അടങ്കൽ 2,58,10,225 രൂപ വകയിരുത്തിയിട്ടും അതിൽ തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത് 30,69,997 രൂപ മാത്രമാണ്. 15 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. ഓരോ പ്രോജക്ടും ഗ്രാമസഭയുടെയും ഡി.പി.സി യുടെയും അംഗീകാരം ലഭിച്ചിട്ടുള്ളതായതിനാൽ അവ ജനങ്ങൾക്ക് നൽകിയ വ്ഗ്ദാനങ്ങളാണ്. 15 പ്രവൃത്തികൾ നടപ്പിലാക്കാതിരുന്നത് വ്ഗ്ദാനലംഘനമായി കണക്കാക്കാവുന്നതാണ്. മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. <u>പദ്ധതികളുടെ മോണിറ്ററിംഗ്</u> :

പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവ്രത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച വിവരവും അതിൽ പരാമർശിച്ചിട്ടില്ല.

2)ഓരോ വാർഷികപദ്ധതി പ്രകാരവും ചെയ്യുന്ന മരാമത്ത് പ്രവൃത്തികൾ തിരിച്ചറിയുന്നതിന് പദ്ധതിയുടെ വിശദാംശം (അടങ്കൽ തുക, ഫണ്ടിനം, വർഷം തുടങ്ങിയവ) അടങ്ങിയ ബോർഡുകൾ വെച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് റോഡുകൾക്ക് അവ തിരിച്ചറിയുന്നതിനുള്ള ബോർഡ് വെച്ചതായി കണ്ടിട്ടില്ല.

3) പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും

തയ്യാറാക്കിയിട്ടില്ല. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേകനിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

4) ഇ-ടെണ്ടർ ഫോറം വില പഞ്ചായത്ത് അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഇ-ടെണ്ടർ ഫോറംവില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എസ്.ബി.ടി അക്കൌണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. വലിയപറമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും 2016-17 വർഷത്തിൽ നടന്ന ഇ-ടെണ്ടർ ഫോറം വിലയായി 9,49,500/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

2016-17 വർഷത്തിൽലഭിക്കാനുള്ള ഇ-ടെണ്ടർ ഫോറം വില

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഐ.ഡി. നമ്പർ | പിഎസി തുക | ടെണ്ടർ ഫോറം വില | പങ്കെടുത്തവർ | ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | കന്നുവീട് ഹോമിയോ ആശുപത്രി നിർമ്മാണം | 2016_LSGD_90241-1 | 4,99,844 | 1,000 | 2 | 2,000 |
| 2 | പടന്നക്കടപ്പുറം പി.എച്ച്.സി.ക്ക് കെട്ടിട നിർമ്മാണം | 2017_LSGD_117387-1 | 53,94,973 | 2,500 | 8 | 20,000 |
| 3 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം,ഇടയിലക്കാട് | 2017_LSGD_117382-1 | 94,12,568 | 2,500 | 7 | 17,500 |
| 4 | കന്നുവീട് അംങ്കണവാടിക്ക് ചുറ്റു മതിലോടുകൂടിയ കെട്ടിട നിർമ്മാണം. | 2017_LSGD_116079-1 | 14,13,384 | 2,500 | 2 | 5,000 |
| 5 | ബീച്ചാരക്കടവ് അംങ്കണവാടിക്ക് ചുറ്റു മതിലോടുകൂടിയ കെട്ടിട നിർമ്മാണം. | 2017_LSGD_116066-1 | 14,13,384 | 2500 | 2 | 5,000 |
| ആകെ തുക | | | | | | 49,500 |

മേൽ പട്ടികയിൽ പ്രസ്താവിച്ചവിധം ആകെ 49,500/- രൂപ വലിയപറമ്പ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുവാനുള്ള നടപടിയെടുക്കേണ്ടതാണ്.

മാലിന്യ നിർമാർജ്ജനം - പദ്ധതികൾ ഇല്ല.

12-ാം പദ്ധതി പൂർത്തിയാക്കുമ്പോഴും ഓരോപ്രദേശത്തേയും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപരിപാടി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ സംസ്കരിക്കുക എന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ മാത്രമേ തയ്യാറാക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എ).പൊതു മാലിന്യപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലം വാങ്ങൽ

ബി). പൊതുമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കൽ

സി). മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് പ്രത്യേകം രൂപകൽപന ചെയ്ത വാഹനങ്ങൾ വാങ്ങിക്കൽ

ഡി). സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണ പ്ലാന്റുകൾ/ യൂനിറ്റുകൾ സ്ഥാപിക്കുന്നനതിന് ധനസഹായം നൽകൽ.

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ മൂലമുള്ള മാലിന്യങ്ങൾ സംഭരിക്കുന്നതായി പഞ്ചായത്ത് അറിച്ചിട്ടുണ്ടെങ്കിലും മറ്റ് ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനോ സംഭരിക്കുന്നതിനോ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. ആയത് വലിയ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ചെക്ക്നം. | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ.എസ്. ഇ. ബി. | മാവിലാക്കടപ്പുറം കോളനി റോഡ് മുതൽ പി.എച്ച്.സി. വരെ ലൈൻ വലിച്ച് വിളക്ക് സ്ഥാപിക്കൽ | | 7,930 | 7,930 | |
| കെ.എസ്. ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി കെ. എസ്. ഇ. ബി. യിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | | 1,87,185 | 1,87,185 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ.നം.423/10,ത.സ്വ.ഭ.വ തി.09-02-10 | 74,80,500 | 18,67,753 | 1,75,000 | 0 | 16,92,753 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽഫണ്ട്ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 16 | 2005-06 | 95 | KWA,KSEBഎന്നിവയിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 11 | 2005-06 | 95 | തൃക്കരിപ്പൂർകടപ്പുറം-രാമന്തളിമരപ്പാലം, നിർമ്മാണം-ചെലവ് രേഖകൾ-ഹാജരാക്കാത്തത് | തീർപ്പാക്കിയിട്ടില്ല |
| 2011-12 ശിശുക്ഷേമ പദ്ധതികൾ -പ്രവർത്തന ക്ഷമതറിപ്പോർട്ട് | - | 2011-12 | 3-3-6 | അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹2,73,90,837 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,58,43,597 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 58,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 18,27,243 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | ₹48,000 | ശ്രീ.രജുലാൽ, സെക്രട്ടറി |
| 3-8 | | ₹10,000 | ശ്രീ.ജാഫർ. ടി.കെ, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | ₹5,23,933 | ഡോ.ഫായിസ് മുക്താരാർ,മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-6 | ₹4,98,310 | ഡോ.ഫായിസ് മുക്താരാർ,മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-7-A | ₹30,000 | മാധവൻ.പി,ഹെഡ്മാസ്റ്റർ |
| 3-7-B | ₹7,75,000 | മാധവൻ.പി,ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. രജ്ജലാൽ, സെക്രട്ടറി | സെക്രട്ടറി, വലിയപറമ്പ ഗ്രാമ പഞ്ചായത്ത് | രജ്ജലാൽ എം.പി, S/o. രവീന്ദ്രൻ. എം.പി, മന്നത്ത് പൊയിൽ, കീഴാൽ-പി.ഒ, വില്ല്യാപ്പള്ളി വില്ലേജ്, കോഴിക്കോട്. |
| ശ്രീ. ജാഫർ. ടി.കെ, വി.ഇ.ഒ. | വി.ഇ.ഒ, വലിയപറമ്പ ഗ്രാമ പഞ്ചായത്ത് | ജാഫർ. ടി.കെ, ചേറുവാങ്കരി ഹൗസ്, വലിയപറമ്പ പി.ഒ, കൊടുവള്ളി വഴി, കോഴിക്കോട്, പിൻ – 673 572 |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1978-79 | നം.എൽ.എഫ്.കെ.എസ്.ഡി 14/1924 /81 /തിയ്യതി07.12.1981 | 10 |
| 1979-80 | നം.എൽ.എഫ്.കെ.എസ്.ഡി 14/43 /83 / തിയ്യതി 15.03.88 | 10 |
| 1980-81 | നം.എൽ.എഫ്.കെ.എസ്.ഡി 8/1233 /84 / തിയ്യതി 05.09.84 | 23 |
| 1981-82 | നം.എൽ.എഫ്.കെ.എസ്.ഡി8 /1625 /86 / തിയ്യതി 05.11.86 | 29 |
| 1982-83 | നം.എൽ.എഫ്.കെ.എസ്.ഡി 2/ 931/88 / തിയ്യതി 03.03.89 | 9 |
| 1983-84 | നം.എൽ.എഫ്.കെ.എസ്.ഡി 7/222 /89 / തിയ്യതി.06.07.89 | 17 |
| 1984-85 | നം.എൽ.എഫ്.കെ.എസ്.ഡി 7/469 /90 / തിയ്യതി 12.09.90 | 14 |
| 1985-86 | നം.എൽ.എഫ്.കെ.എസ്.ഡി 7/73 /91 / തിയ്യതി 30.05.91 | 9 |

| | | |
|---|---|---|
| 1986-87 | നം.എൽ.എഫ്.കെ.എസ്.ഡി 7/517 /92 / തിയ്യതി. 08.05.92 | ------- |
| 1987-88 to 1990-91 | നം.എൽ.എഫ്.കെ.എസ്.ഡി 5/49 /99 / തിയ്യതി 13.06.2000 | 10 |
| 1991-92 to 1995-96 | നം.എൽ.എഫ്.കെ.എസ്.ഡി 4/605 /05 / തിയ്യതി. 02.01.2007 | 1 |
| 1996-97 (expenditure) | നം.എൽ.എഫ്.കെ.എസ്.ഡി 5/480 /98 / തിയ്യതി. 08.01.02 | --------- |
| 1997-98 plan | നം.എൽ.എഫ്.കെ.എസ്.ഡി 4/818 /03 / തിയ്യതി 11.05.05 | ----------- |
| 1998-99 plan | നം.എൽ.എഫ്.കെ.എസ്.ഡി 4/819 /03 / തിയ്യതി 10.05.05 | --------- |
| 1996-97 | നം.എൽ.എഫ്.കെ.എസ്.ഡി4 /611 /05 / തിയ്യതി 19.02.07 | -------- |
| 1997-98 | നം.എൽ.എഫ്.കെ.എസ്.ഡി 4/177/ 07 / തിയ്യതി.17.08.07 | --------- |
| 1998-99 | നം.എൽ.എഫ്.കെ.എസ്.ഡി 3/175 /07 / തിയ്യതി 17.08.07 | --------- |
| 1999-2000 | നം.എൽ.എഫ്.കെ.എസ്.ഡി 11/820 /03 / തിയ്യതി 10.05.05 | --------- |
| 2000-01 | നം.എൽ.എഫ്.കെ.എസ്.ഡി 4/ 382/ 11/ തിയ്യതി 12.10.11 | ---------- |
| 2001-02 | നം.എൽ.എഫ്.കെ.എസ്.ഡി 4/93 /03 / തിയ്യതി 12.10.11 | ----------- |
| 2002-03 | നം.എൽ.എഫ്.കെ.എസ്.ഡി 3/107 /09 / തിയ്യതി 25.08.09 | 8 |

| | | |
|---|---|---|
| 2003-04 | നം.എൽ.എഫ്.കെ.എസ്.ഡി 3/108 /09 / തിയ്യതി 27.08.09 | 12 |
| 2004-05 | നം.എൽ.എഫ്.കെ.എസ്.ഡി 3/ 109/09 / തിയ്യതി 14.09.09 | 17 |
| 2005-06 | നം.എൽ.എഫ്.കെ.എസ്.ഡി /3 /312 /10 തിയ്യതി 17.09.09 | 12 |
| 2006-07 | നം.എൽ.എഫ്.കെ.എസ്.ഡി 3/ 313/10 / തിയ്യതി 17.09.10 | 6 |
| 2007-08 | നം.എൽ.എഫ്.കെ.എസ്.ഡി 4/ 400/11 / തിയ്യതി 14.12.11 | 3 |
| 2008-09 | നം.എൽ.എഫ്.കെ.എസ്.ഡി 7/ 234/13 / തിയ്യതി.03.04.13 | 17 |
| 2009-10 | നം.എൽ.എഫ്.കെ.എസ്.ഡി 7/ 235/13 / തിയ്യതി.03.04.13 | 18 |
| 2010-11,2011-12 | നം.എൽ.എഫ്.കെ.എസ്.ഡി 8/663 /15 / തിയ്യതി 14.07.15 | 16 |
| 2012-13,2013-14 | നം.എൽ.എഫ്.കെ.എസ്.ഡി 8/508 /15 / തിയ്യതി 07.01.16 | 4 |
| 2014-15 | നം.കെ.എസ്.എ.കെ.എസ്.ഡി- 9/796 /16 / തിയ്യതി 29.07.16 | 14 |
| 2015-16 | നം.കെ.എസ്.എ.കെ.എസ്.ഡി- 9/2/17 / തിയ്യതി 05.01.17 | 5 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-9/682/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.

E-mail:- doksd.ksad@kerala.gov.in

തീയതി: 23.06.2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

No. KSA-KSD-9/682/2017.

Kerala State Audit Department,

District Audit Office,Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in

Dated: 23.06.2017.

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Valiyapamba Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Valiyaparamba Grama Panchayat for the year 2016-17, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.